പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.803

30.6.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.എളമരം കരീം:
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.രാജു എബ്രഹാം :
ശ്രീ.കെ.കെ.നാരായണൻ :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി സർക്കാരിന് തിരികെ ഏൽപ്പിക്കാതെ കൈവശം വെച്ചുകൊണ്ടിരിക്കുന്ന കേസുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം കേസുകളാണെന്ന് വിശദമാക്കാമോ ; | (എ) ഉണ്ട്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ഒഴികെയുള്ള ജില്ലകളിലെ പാട്ടക്കാലാവധി കഴിഞ്ഞ കേസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. കോഴിക്കോട് ജില്ലയിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല കണ്ണൂർ ജില്ലയിൽ പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസറഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക് പരിധിയിൽ പാട്ടക്കാലാവധി കഴിഞ്ഞു തുടരുന്നത് ഏതാനും ചെറിയ പെട്ടി കടകൾക്കായി സ്ഥലം അനുവദിച്ച കേസ്സുകളിലാണ്. എന്നാൽ ഈ കേസ്സുകളിലെല്ലാം പാട്ട വാടക പഴയ നിരക്കിൽ ഒടുക്കിയിട്ടുണ്ട്. |
| (ബി) തുച്ഛമായി പാട്ടത്തുക നൽകി രേഖയിൽ പറയുന്നതിലേറെ ഭൂമി അന്യായമായി കൈവശം വെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) ഇത്തരം ഭൂമി സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിന് നടത്തി വന്ന ശ്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; ഇത്തരം ഭൂമികളെക്കുറിച്ചും കൈവശം വെക്കുന്നവരെക്കുറിച്ചുമുള്ള വിശദാംശം അറിയിക്കുമോ ? | (സി) 2011-12 പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്തിട്ടുള്ള ലീസ് അലർട്ട് സിസ്റ്റം 31.3.2012-ൽ നിലവിൽ വരത്തക്ക നിലയിൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഈ പദ്ധതി നിലവിൽ വരുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്, റവന്യൂ |

ഡിവിഷണൽ ഓഫീസർമാർ, തഹസീൽദാർമാർ, അഡീഷണൽ തഹസീൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നീ ഉദ്യോസ്ഥർക്ക് ലീസ് കാലാവധി പൂർത്തിയാക്കുന്നതിന് 45 ദിവസം മുമ്പുതന്നെ കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ നിന്നും ടെലഫോൺ മുഖേനെയുള്ള എസ്.എം.എസ് അലർട്ട് (SMS Alert) നൽകുന്നതാണ്. കൂടാതെ കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ നിന്നും അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ ഇ-മെയിൽ ആയി തഹസീൽദാരുടെ 'Inbox' -ലേയ്ക്ക് നൽകുന്നതാണ്. ലീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ സമയബന്ധിതമായി 'Upload' ചെയ്യുന്നതിനുള്ള സംവിധാനവും ഈ പദ്ധതി പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായ നാളതീകരണ പ്രവർത്തനവും ഈ പദ്ധതി പ്രകാരം നടപ്പിലാക്കാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു .

ഫെയർവാല്യൂവിനെ അടിസ്ഥാനമാക്കിയുള്ള G.O.)(MS)174/11/RD തീയതി 2.5.2011 ഉൾപ്പെടെയുള്ള സർക്കാർ ഉത്തരവുകൾ ജില്ലയിലെ ലീസ് കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുള്ളതാണ്.

സമയബന്ധിതമായി പാട്ടം പുതുക്കുന്നതിനും റദ്ദ് ചെയ്യേണ്ടവ റദ്ദു ചെയ്യുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.